# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 17.05.2025 മുതൽ 21.05.2025 വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എൻ.ആർ - 39/2025 | തീയ്യതി: 16/05/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 30.9 | 34.0 – 34.7 | 25.5 – 27.0 | 63 –85 | 00 – 08 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 17-05-2025 | 18-05-2025 | 19-05-2025 | 20-05-2025 | 21-05-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 3 | 0.3 | 0.3 | 7 | 3 |
| കൂടിയതാപനില, °C | 34 | 34 | 33 | 33 | 32 |
| കുറഞ്ഞതാപനില, °C | 25 | 25 | 26 | 26 | 25 |
| കൂടിയആപേക്ഷികആർദ്രത, % | 85 | 85 | 90 | 90 | 90 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 75 | 75 | 80 | 80 | 85 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 10 | 3 | 3 | 2 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 200 | 270 | 200 | 200 |
| മേഘവിന്യാസം, ഒക്ടാ | 8 | 7 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതുനിർദ്ദേശങ്ങൾ | **ഒറ്റപ്പെട്ട അതിശക്തിയായ മഴ **** | | |
| | പകൽസമയങ്ങളിൽ അധികരിച്ച ഊഷ്മാവ് അനുഭവപ്പെടും. അന്തരീക്ഷ ആർദ്രത ഉയർന്നു നിൽക്കുമെന്നതിനാൽ ചൂടിന്റെ ആഘാതം കൂടുതലായി അനുഭവപ്പെടും.<br>മെയ് 16,17 ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 64.4 മില്ലി വരെ).<br>മെയ് 18 ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ).<br>മെയ് 19,20 ന് ഒറ്റപ്പെട്ട അതിശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.6 മില്ലിമുതൽ 204.4 മില്ലി വരെ). | | |
| അപായ സൂചന | മെയ് 16 ന് ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത. | | |
| ആഘാതം | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും. | | |
| പൊതുനിർദ്ദേശങ്ങൾ | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. | | |

| | | | |
|---|---|---|---|
| | അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.<br>മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക.<br>വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും. | | |
| നെല്ല് (വിരുപ്പ്: ഒന്നാം വിളകാലം) | നിലമൊരുക്കൽ | നെൽപ്പാടത്തെ മണ്ണിലെ ഊർപ്പത്തിന്റെ അളവ് ഉഴുതുമറിക്കുന്നതിന് അനുയോജ്യമാണെങ്കിൽ, ഉഴുതുമറിക്കൽ പ്രവർത്തനങ്ങൾ ആരംഭിക്കാം. ആദ്യ ഉഴുതുമറിക്കുമ്പോൾ തന്നെ, പൊടിച്ച കാലിവളം/കമ്പോസ്റ്റ് അല്ലെങ്കിൽ പച്ചിലവളം (ഹെക്ടറിന് 5 ടൺ) മണ്ണിൽ ചേർക്കണം. | |
| തെങ്ങ് | തൈകൾ നടുന്നതിനുള്ള കുഴിയൊരുക്കൽ | തൈകൾ നടുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കാം. 1mx1mx1m വലിപ്പമുള്ള കുഴികൾ എടുക്കുക. ലാറ്ററൈറ്റ് മണ്ണിൽ 1.2mx1.2mx1.2m വലിപ്പമുള്ള കുഴികൾ ആവശ്യമാണ്. കുഴികളുടെ 1/3 ഭാഗം മേൽമണ്ണ്, പൊടിച്ച കാലിവളം,ചാരം എന്നിവയുടെ മിശ്രിതം തുല്യ അനുപാതത്തിൽ നിറയ്ക്കുക. കുഴികളിൽ ഒഴുകിപ്പോകുന്ന വെള്ളം കെട്ടിനിൽക്കുന്നത് തടയാൻ കുഴികളുടെ തീരത്ത് ബണ്ടുകൾ സ്ഥാപിക്കണം. | |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br> | 1.വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം+ 250 ഗ്രാം മണലുമായ് ചേർത്ത് ഏപ്രിൽ- മെയ്, സെപ്റ്റംബർ -ഒക്ടോബർ മാസങ്ങളിൽ ഓലക്കവിളുകളിൽ ഇടുക.<br>2.തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർടാപ് ഹൈഡ്രോക്ലോറൈഡ് 200 ഗ്രാം മണലും കൂട്ടിക്കലർത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവശ്യം -ജനുവരി, മെയ്, സെപ്റ്റംബർ മാസങ്ങളിൽ ചെയ്യേണ്ടതാണ്. |
| കശുമാവ് | വിളവെടുപ്പ് ഘട്ടം | തടിതുരപ്പൻ<br> | മണ്ണിനു വെളിയിൽ കാണുന്ന വേരുകൾ മണ്ണിട്ട് മൂടുക.5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളാണെങ്കിൽ ചെളി : ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) മുൻകരുതലായി കൊടുക്കാവുന്നതാണ്. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. കൊഴിഞ്ഞുപോയ അടക്കകൾ നശിപ്പിച്ചു കളയുക .<br>തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നതിന് മുമ്പായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക. ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |

| | | | |
|---|---|---|---|
| ഇഞ്ചി/മഞ്ഞൾ | നടുന്ന സമയം | വാട്ടം/ചീച്ചൽ | മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകം ( നൂറു കിലോഗ്രാം ചാണകത്തിൽ ഒരു കിലോഗ്രാം ട്രൈക്കോഡെർമ). ഉപയോഗിക്കുക.<br>അല്ലെങ്കിൽ<br>നൂറു ചതുരശ്രമീറ്ററിന് 25 ഗ്രാമ വീതം ട്രൈക്കോഡെർമ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |

| | | | |
|---|---|---|---|
| **താക്കീത് (ഉടൻനടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾആവശ്യമില്ല)** |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി